"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - കൊട്ടാരക്കര ഇരുമ്പനങ്ങാട് ഇ.പി.എം.എച്ച്.എസ്.എസ്-ലെ എച്ച്.എസ്.ടി ശ്രീമതി.ജയശ്രീ.ജി ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)No.9151/2023**-ലെ **16.03.2023**-ലെ വിധിന്യായത്തിലെ നിർദ്ദേശം **(i)** തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി)വകുപ്പ്

സ.ഉ.(സാധാ) നം.2349/2023/GEDN തീയതി, തിരുവനന്തപുരം, 05-04-2023

പരാമർശം:-
1. ശ്രീമതി.ജയശ്രീ ജി.യുടെ **07.03.2023**-ലെ റിവിഷൻ ഹർജി (എക്സിബിറ്റ് പി2)
2. ശ്രീമതി.ജയശ്രീ ജി. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)No.9151/2023**-ലെ **16.03.2023**-ലെ വിധിന്യായം
3. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ **23.03.2023**-ലെ **DDEKLM/1823/2023-B4** നമ്പർ കത്ത്
4. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **23.03.2023**-ലെ **ബി2/2583/2022** നമ്പർ കത്ത്

ഉത്തരവ്

കൊട്ടാരക്കര ഇരുമ്പനങ്ങാട് ഇ.പി.എം.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.ടി. ശ്രീമതി.ജയശ്രീ ജി. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)No.9151/2023**-ലെ **16.03.2023**-ലെ വിധിന്യായത്തിൽ, ഒന്നാം എതിർകക്ഷി മുമ്പാകെ **24.3.2023**-ന് രാവിലെ **11.00** മണിക്ക് ഹാജരാകുവാൻ ഹർജിക്കാരിക്കും **6**-ാം എതിർകക്ഷിക്കും, **Ext.P2** റിവിഷൻ ഹർജിയോടൊപ്പം ഹർജിക്കാരി ഫയൽ ചെയ്തിട്ടുള്ള സ്റ്റേ പെറ്റീഷൻ പരിശോധിച്ച് രണ്ടാഴ്ചക്കകം തീരുമാനമെടുക്കുവാനും, സ്റ്റേ പെറ്റീഷനിൽ തീരുമാനമെടുത്തശേഷം **Ext.P2** റിവിഷൻ ഹർജിയിൽ **4** മാസത്തിനകം തീരുമാനമെടുക്കുവാനും ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദ്ദേശം നല്കിയിരുന്നു. പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം ഹർജിക്കാരിയുടെ പ്രതിനിധിയെയും, **6**-ാം എതിർകക്ഷി ശ്രീമതി.അമ്പിളി രാമചന്ദ്രനെയും,

കൊട്ടാരക്കര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും, കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെയും പ്രതിനിധികളെയും **24.3.2023**-ൽ നേരിൽ കേട്ടു.

2) കേസിന്റെ സാരാംശം താഴെ കൊടുക്കുന്നു:

കൊട്ടാരക്കര ഇരുമ്പനങ്ങാട് എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളിൽ **1.6.2022**-ന് ഹെഡ്മിസ്ട്രസിന്റെ റിട്ടയർമെന്റ് വേക്കൻസി ഉണ്ടായി. സ്കൂൾ മാനേജർ **1.1.2022** തീയതി വെച്ച് തയ്യാറാക്കിയിരുന്ന ഹൈസ്കൂൾ അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയർ ആയിരുന്ന അദ്ധ്യാപികയ്ക്ക് ബി.എഡ് യോഗ്യത ഇല്ലാത്തതിനാൽ തൊട്ടടുത്ത സീനിയർ അദ്ധ്യാപികയായ ശ്രീമതി.ജയശ്രീ ജി.ക്ക് എച്ച്.എം.ന്റെ താൽക്കാലിക ചുമതല നൽകി ഉത്തരവായി.

മാനേജർ തനിക്ക് അധികാരമുള്ള സമയത്ത് തയ്യാറാക്കിയ ഹൈസ്കൂൾ വിഭാഗം അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റിൽ 7-ാം സ്ഥാനക്കാരിയായിരുന്ന ശ്രീമതി.അമ്പിളി രാമചന്ദ്രൻ എന്ന എച്ച്.എസ്.റ്റി (ഗണിതം) അദ്ധ്യാപിക, ടിയാരിക്ക് എച്ച്.എം. നിയമനത്തിന് പൂർണ്ണ യോഗ്യത നേടിയിട്ടുണ്ടെന്ന് അവകാശപ്പെട്ടുകൊണ്ട് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസറെ സമീപിക്കുകയും, തുടർന്ന് ബഹു. കേരള ഹൈക്കോടതിയിൽ **WP(C)No.20178/2022** ഫയൽ ചെയ്യുകയും, ബഹു.കേരളാ ഹൈക്കോടതി, ടിയാരിയുടെ അപേക്ഷയിൽ ബന്ധപ്പെട്ടവരെയെല്ലാം കേട്ട് തീരുമാനമെടുക്കാൻ **11.8.2022**-ൽ വിധി പുറപ്പെടുവിക്കുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ ബന്ധപ്പെട്ടവരെയെല്ലാം കേട്ട ശേഷം **08.11.2022**-ൽ ഉത്തരവ് പുറപ്പെടുവിച്ചു. അതിൻ പ്രകാരം സ്കൂൾ മാനേജർ **31.5.2022**-ൽ പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും പ്രഥമാദ്ധ്യാപക നിയമനം പൂർത്തിയാകും വരെ ടി സ്കൂളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും ശമ്പളം സ്പാർക്ക് വഴി തയ്യാറാക്കുവാനുള്ള ചുമതല ശ്രീമതി.ജയശ്രീക്ക് നിലനിർത്തിക്കൊണ്ടും, സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനായി **1.1.2022**-ലെ സ്റ്റാഫ് സ്റ്റേറ്റ്മെന്റും അദ്ധ്യാപകരുടെ സേവന പുസ്തകങ്ങളും കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിക്കുവാനും ഉത്തരവായിരുന്നു.

ടി നിർദ്ദേശത്തിന് എതിരെ ശ്രീമതി.ജയശ്രീ ജി. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ മുമ്പാകെ ചട്ടം **44(3)** കെ.ഇ.ആർ അദ്ധ്യായം **XIV A** പ്രകാരം

സെക്കന്റ് അപ്പീൽ സമർപ്പിച്ചു. പ്രസ്തുത അപ്പീൽ വിദ്യാഭ്യാസ ഉപഡയറക്ടർ പരിഗണിക്കുന്നതിന് കാലതാമസം നേരിട്ടതിനെതുടർന്ന് ശ്രീമതി.ജയശ്രീ ജി. ബഹു. കേരള ഹൈക്കോടതിയിൽ **WP(C)No.41077/2022** ഫയൽ ചെയ്യുകയും അതിന്മേൽ **19.12.2022**-ൽ ഹൈക്കോടതി വിധിയുണ്ടാവുകയും **09.02.2023**-ൽ അന്തിമ ഹിയറിംഗ് നടത്തുകയും **02.03.2023**-ൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ശ്രീമതി.ജയശ്രീയുടെ ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ടും കെ.ഇ.ആർ അദ്ധ്യായം **XIV A** ചട്ടം **34(A)** പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റ് ഉത്തരവിൽ വിശദീകരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി അന്തിമമായി അംഗീകരിക്കുവാനും, പ്രഥമാദ്ധ്യാപക തസ്തികയിലെ നിയമനത്തിനുള്ള ചട്ടപ്രകാരമുള്ള പൂർണ്ണയോഗ്യത നേടിയിട്ടുള്ള ശ്രീമതി.അമ്പിളി രാമചന്ദ്രനെ പ്രഥമാദ്ധ്യാപക തസ്തികയിലെ നിയമനത്തിനായി പരിഗണിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് സ്കൂളിലെ താൽക്കാലിക മാനേജരായ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകികൊണ്ടുമാണ് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചത്. ഈ ഉത്തരവിനെതിരെയാണ് ഹർജിക്കാരി വീണ്ടും റിട്ട് പെറ്റീഷൻ ഫയൽ ചെയ്തതും, സർക്കാരിനോട് ഹിയറിംഗ് നടത്തി സ്റ്റേ പെറ്റീഷനിലും, റിവിഷൻ ഹർജിയിലും തീരുമാനമെടുക്കാൻ ബഹു. ഹൈക്കോടതി നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളത്. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ മേൽ ഉത്തരവ് സ്റ്റേ ചെയ്യണമെന്നതാണ് സ്റ്റേ പെറ്റീഷനിലെ ആവശ്യം.

വിദ്യാഭ്യാസ ഉപഡയറക്ടറുടെ **2.3.2023**-ലെ ഉത്തരവിലെ നിർദ്ദേശം പാലിച്ച് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി അംഗീകരിക്കുകയും, ടി ലിസ്റ്റിലെ രണ്ടാം സ്ഥാനക്കാരിയായ ശ്രീമതി.അമ്പിളി രാമചന്ദ്രനെ പ്രഥമാദ്ധ്യാപികയായി ചുമതല നൽകി **17.3.2023**-ൽ ഉത്തരവാകുകയും ചെയ്തു. എന്നാൽ **WP(C)No.9151/2023**-ന്റെ **16.3.2023**-ലെ വിധിന്യായത്തിൽ, സ്റ്റേ പെറ്റീഷനിൽ തീരുമാനമാകുന്നതുവരെ ഹർജിക്കാരിക്ക് ബഹു.ഹൈക്കോടതി സ്റ്റാറ്റസ്കോ അനുവദിച്ചിരുന്നു. എന്നാൽ ഈ ഉത്തരവ് മറികടന്നാണ് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ **17.3.2023**-ൽ ഉത്തരവ് പുറപ്പെടുവിച്ചത്. ടി ഉത്തരവ് കോടതി അലക്ഷ്യമായതിനാൽ **WP (C) 9793/2023** ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയും, ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി കോടതി അലക്ഷ്യമാണെന്ന് കണ്ടതിനെ തുടർന്ന് **27.3.2023**-ൽ പ്രസ്തുത ഉത്തരവ്

പിൻവലിച്ചില്ലെങ്കിൽ ഹാജരാകുവാൻ ആവശ്യപ്പെടുകയുമുണ്ടായി. തുടർന്ന് 17.3.2023-ലെ പ്രസ്തുത ഉത്തരവ് റദ്ദാക്കി 20.3.2023-ൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചു.

ശ്രീമതി.അമ്പിളി രാമചന്ദ്രൻ യാതൊരുവിധ അപ്പീലും വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിയിരുന്നില്ലെന്നും, ഹർജിക്കാരിയുടെ അപ്പീലിൽ ടിയാൾക്ക് ആശ്വാസം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുവാൻ നിയമത്തിൽ വ്യവസ്ഥയില്ലെന്നും ഹർജിക്കാരി വാദിക്കുന്നു. അന്തിമ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കാതെയാണ് ടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും, ടിയാൾക്ക് തുടർച്ചയായ ഗ്രാജ്വേറ്റ് സർവ്വീസ് ഇല്ല എന്നും സൂചിപ്പിച്ചിട്ടുണ്ട്.

3) ശ്രീമതി.അമ്പിളി രാമചന്ദ്രന്റെ ബഹു.സുപ്രീംകോടതി വരെ നീണ്ടുനിന്ന വ്യവഹാരങ്ങളിൽ സീനിയോറിറ്റിയുടെ കാര്യത്തിൽ 16.8.1998 മുതലുള്ള സർവീസ് തുടർച്ചയായി പരിഗണിക്കുവാൻ ഉത്തരവായിട്ടുള്ളതാണെന്നും, കെ.ഇ.ആർ അദ്ധ്യായം XIV എ, ചട്ടം 44 എ പ്രകാരം യോഗ്യത നേടിയ ഏക അദ്ധ്യാപിക ടിയാളാണെന്നും, ഹർജിക്കാരി കെ.ഇ.ആർ പ്രകാരമുള്ള ടെസ്റ്റ് യോഗ്യതകൾ ആർജ്ജിച്ചിട്ടില്ലാത്തതും, 50 വയസ്സ് പൂർത്തിയായിട്ടില്ലാത്തതിനാൽ യാതൊരു പരിഗണനയ്ക്കും അർഹതയില്ല എന്നും ശ്രീമതി.അമ്പിളി രാമചന്ദ്രൻ വാദിക്കുന്നു.

4) സർക്കാർ ഇക്കാര്യം ഹിയറിംഗ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, കെ.ഇ.ആർ ചട്ടങ്ങൾ/സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഇരുമ്പനങ്ങാട് എ.ഇ.പി.എം.എച്ച്.എസ്.എസ്-ൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ കൃത്യമായ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചതായി കാണുന്നില്ല. മാത്രമല്ല, കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ മുമ്പാകെ ശ്രീമതി.ജയശ്രീ സമർപ്പിച്ച അപ്പീലിന്മേൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച 17.3.2023-ലെ ഉത്തരവ് കോടതി അലക്ഷ്യമായതിനാൽ, ബഹു.ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം റദ്ദ് ചെയ്തു കൊണ്ട് 20.3.2023-ൽ ഉത്തരവായിട്ടുണ്ട്. ശ്രീമതി.ജയശ്രീക്ക് 2006 മുതൽ തുടർച്ചയായ സർവ്വീസുണ്ട്. എന്നാൽ ടിയാൾ കെ.ഇ.ആർ പ്രകാരമുള്ള ടെസ്റ്റ് യോഗ്യതകൾ ആർജ്ജിച്ചിട്ടില്ല ശ്രീമതി.അമ്പിളി രാമചന്ദ്രന് 1998 മുതൽ സർവ്വീസുണ്ടെങ്കിലും ടിയാരി യു.പി.എസ്.ടി ആയും

എൽ.പി.എസ്.ടി ആയും പുനർവിന്യസിക്കപ്പെട്ട്, 2021-ൽ തിരികെ മാതൃ സ്കൂളിൽ പ്രവേശിച്ചിട്ടുണ്ട്. എന്നാൽ ബഹു.സുപ്രീംകോടതി വരെ നീണ്ടു നിന്ന വ്യവഹാരങ്ങളിൽ ടിയാളുടെ എച്ച്.എസ്.ടി തസ്തികയിലെ സീനിയോറിറ്റി പുനഃസ്ഥാപിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ പ്രാബല്യം റിട്ടയർമെന്റ് വരെ നിലനിൽക്കുന്നതാണോ എന്ന കാര്യം പരിശോധിക്കേണ്ടതായിട്ടുണ്ട്.

5) മേൽ സാഹചര്യത്തിൽ ഹർജിക്കാരിയായ ശ്രീമതി.ജയശ്രീയുടെ **7.3.2023**-ലെ റിവിഷൻ ഹർജിയിൽ സർക്കാർ തീരുമാനമെടുക്കുന്നതുവരെ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ **2.3.2023**-ലെ ഉത്തരവ് **(Expt.P6)** സ്റ്റേ ചെയ്തു കൊണ്ടും, അപ്രകാരം കൊട്ടാരക്കര ഇരുമ്പനങ്ങാട് ഇ.പി.എം.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.ടി ശ്രീമതി.ജയശ്രീ.ജി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത **WP(C)No.9151/2023**-ലെ **16.03.2023**-ലെ വിധിന്യായത്തിലെ നിർദ്ദേശം **(i)** തീർപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം
മാനജർ, എ.ഈശ്വര പിള്ള മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ, ഇരുമ്പനങ്ങാട്, കൊട്ടാരക്കര, കൊല്ലം
ശ്രീമതി.ജയശ്രീ ജി., എച്ച്.എസ്.ടി(സംസ്കൃതം), എ.ഈശ്വര പിള്ള മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ, ഇരുമ്പനങ്ങാട്, കൊട്ടാരക്കര, കൊല്ലം
ശ്രീമതി.അമ്പിളി രാമചന്ദ്രൻ., എച്ച്.എസ്.ടി(മാത്സ്), എ.ഈശ്വര പിള്ള മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ, ഇരുമ്പനങ്ങാട്, കൊട്ടാരക്കര, കൊല്ലം
ശ്രീ.ദീപക് ആർ, ഈശ്വര വിലാസം, കിഴക്കേക്കര പി.ഒ., കൊട്ടാരക്കര, കൊല്ലം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Savitha.s
സെക്ഷൻ ഓഫീസർ
Date: 10-04-2023 11:57:51

സ.ഉ.(സാധാ) നം.**2349/2023/GEDN**